**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5137</u>** **<u>20-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറംപോക്കിൽ അൺസർവ്വേ ലാന്റിൽ എത്രപേർ താമസിക്കുന്നുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറമ്പോക്കിൽ അൺസർവ്വേ ലാൻഡിൽ 560 പേരാണ് താമസിച്ച് വരുന്നത്. വില്ലേജ് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.<br><br>കടപ്പുറം -50<br>മണത്തല -270<br>എടക്കഴിയൂർ -150<br>പുന്നയൂർ -50<br>കടിക്കാട് -40 |
| (ബി) | പ്രസ്തുത അൺസർവ്വേ ലാന്റിൽ താമസിക്കുന്ന എത്ര പേർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | അൺസർവ്വേ ലാൻഡിൽ താമസിക്കുന്ന 187 പേരാണ് പട്ടയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത അൺസർവ്വേ ലാന്റിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | അൺസർവ്വേ ലാൻഡിൽ താമസിക്കുന്നവർക്ക<br>പട്ടയം അനുവദിക്കുന്നതിനുള്ള നടപടി<br>സ്വീകരിക്കുന്നതിന്റെ ഭാഗമായി കടൽ<br>പുറമ്പോക്ക് അൺസർവ്വേയ്ഡ് ലാന്റ് 1961 ലെ<br>സർവ്വെ ആന്റ് ബൗണ്ടറീസ് ആക്റ്റ് സെക്ഷൻ<br>3,4 പ്രകാരം സർവ്വെ ചെയ്യുന്നതിനായി കരട്<br>വിജ്ഞാപനം തയ്യാറാക്കി ജില്ലയിൽ നിന്നും<br>ലാൻഡ് റവന്യൂ കമ്മീഷണർക്ക്<br>സമർപ്പിച്ചിട്ടുള്ളതാണ്. ഈ പട്ടയപ്രശ്നം പട്ടയ<br>ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി തുടർനടപടി<br>സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ഗുരുവായൂർ മണ്ഡലത്തിലെ കടൽ പുറമ്പോക്കിൽ അൺസർവ്വേ ലാന്റിൽ നിന്നും പൊതു ആവശ്യത്തിന് ഭൂമി ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ചാവക്കാട് നഗരസഭയ്ക്ക് ടർഫ് കോർട്ട് നിർമ്മിക്കുന്നതിന് പുറമ്പോക്ക് അൺസർവ്വേ ലാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ചാവക്കാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ 06/11/2021ൽ സമർപ്പിച്ച അപേക്ഷയും, പൊതു ആവശ്യങ്ങൾക്കായി ചാവക്കാട് നഗരസഭയ്ക്ക് പുറമ്പോക്ക് അൺസർവ്വേ ലാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 01/06/2022 |

| | | | |
|---|---|---|---|
| | | | ൽ സമർപ്പിച്ച അപേക്ഷയും ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ചാവക്കാട് മുനിസിപ്പാലിറ്റിക്ക് വേണ്ടി ആവശ്യപ്പെട്ടിട്ടുള്ള ഭൂമി CRZ പരിധിയിൽ വരുന്നതിനാൽ സർവ്വേ നടത്തുന്ന മുറയ്ക്ക് മാത്രമേ ടി അപേക്ഷയിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ